**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 591** **28-06-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യമേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | സ്വകാര്യമേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് ജബൽ വെൻച്വയേഴ്സ്, വിക്ടറി പേപ്പർ & ബോർഡ്സ്, സിന്തൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, ഇലാഹിയ ട്രസ്റ്റ് എന്നീ 4 സ്ഥാപനങ്ങളുടെ അപേക്ഷകൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീമിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മിഥുൻ അഗ്രോ ഓയിൽസ് പ്രൈവറ്റ് ലിമിറ്റഡ്, എസൻഷ്യൽ ബോട്ടാണിക്കൽ എലൈമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ചലവറ മിനി ഇൻഡസ്ട്രിയൽ പാർക്ക്, വി.എം.പി.എസ്. ഫുഡ് പാർക്ക്സ് ആൻഡ് വെൻച്വേഴ്സ് എൽ എൽ പി, കടമ്പൂർ ഇൻഡസ്ട്രിയൽ പാർക്ക്, ഇൻഡ്യൻ വിർജിൻ സ്പൈസസ് പ്രൈവറ്റ് ലിമിറ്റഡ്, സിറ്റ്മിക്കോസ്-തൃശ്ശൂർ, സിറ്റ്മിക്കോസ്-പാലക്കാട് എന്നീ 8 ഓൺലൈൻ അപേക്ഷകൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലും ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ അർഹതയുള്ളവയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം 2022 പ്രകാരം ലഭിച്ച ഓൺലൈൻ അപേക്ഷകൾ പരിശോധിച്ചു വരുന്നതേയുള്ളൂ. |
| (സി) | തോട്ടഭൂമിയിൽ സ്വകാര്യ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും അതിന്റെ കാരണങ്ങൾ എന്താണെന്നും വിശദമാക്കുമോ? | (സി) | പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം 2022 പ്രകാരം പരിസ്ഥിതിലോല പ്രദേശങ്ങൾ, തീരദേശ പരിപാലന പ്രദേശങ്ങൾ, തണ്ണീർത്തട സംരക്ഷണ നിയമത്തിൽകീഴിലുള്ള ഭൂമികൾ എന്നിവയാണ് ടി സ്കീമിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. തോട്ടഭൂമിയിൽ സ്വകാര്യ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിന് സംസ്ഥാനത്ത് കേരള ഭൂപരിഷ്കരണ നിയമത്തിൽ യാതൊരു നിയന്ത്രണങ്ങളും വ്യവസ്ഥ ചെയ്തിട്ടില്ല. ലാന്റ് ബോർഡ് തോട്ടമായി നിയമ പ്രകാരം പ്രഖ്യാപിച്ചിട്ടില്ലാത്ത ഏതൊരു ഭൂമിയിലും |

| | | | | |
|---|---|---|---|---|
| | | | | വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കേരള ഭൂപരിഷ്കരണ നിയമ പ്രകാരം തടസ്സമില്ല. |

സെക്ഷൻ ഓഫീസർ